(ബി) സംസ്ഥാന സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഇല്ലാത്ത ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് ഇപ്പോഴുള്ള തടസ്സങ്ങൾ വിശദമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇവയിൽ ഏതൊക്കെ പണികൾ ആരംഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 3/03-ലെ കണക്ക് പ്രകാരം എൽ.ഐ.സി. സഹായത്തോടെയുള്ള പൂർത്തിയാകാതെ കിടക്കുന്ന 81 പദ്ധതികളുടെ പണികൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) പദ്ധതി അടങ്കലിന്റെ 25 മുതൽ 50% വരെ മാത്രമേ എൽ.ഐ.സി. ലോൺ ലഭിക്കുകയുള്ളു. ബാക്കി തുക സർക്കാർ വഹിക്കേണ്ടതാണ്. എൽ.ഐ.സി. ലോണിന് പുറമേ പദ്ധതി പൂർത്തിയാക്കാൻ ആവശ്യമായിവരുന്ന തുക സാമ്പത്തിക പരിമിതികൾക്കുള്ളിൽ കണ്ടെത്താനുള്ള ബുദ്ധിമുട്ട്, പദ്ധതി ഘടകങ്ങൾക്കാവശ്യമായ സ്ഥലം ലഭ്യമാകുന്നതിനുള്ള കാലതാമസം, നടപടി ക്രമങ്ങൾ പൂർത്തിയാക്കി പദ്ധതിക്കാവശ്യമായ പൈപ്പും മറ്റും വാങ്ങുന്നതിനുള്ള കാലതാമസം എന്നിവയാണ് പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിനുള്ള പ്രധാന തടസ്സങ്ങൾ ധനലഭ്യതയ്ക്കും പദ്ധതി ഘടകങ്ങൾക്കുവേണ്ടി വരുന്ന സ്ഥല ലഭ്യതയ്ക്കും അനുസരിച്ച് പദ്ധതികൾ സമയബന്ധിതമായി തീർക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

(ഡി) പൂർത്തിയാകാതെ കിടക്കുന്ന പദ്ധതികൾ സമയബന്ധിതമായി തീർക്കാൻ ആക്ഷൻ പ്ലാൻ തയ്യാറായി നടപടികൾ സ്വീകരിച്ചുവരുന്നു.

ലോകബാങ്കിന്റെ സഹായത്തോടെ ജലനിധി പദ്ധതി

26 (3966) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്കിന്റെ സഹായത്തോടെ കേരളാ റൂറൽ വാട്ടർ സ്പ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി മുഖേന ജലനിധി എന്ന പേരിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ ;

(ബി) ഈ പദ്ധതിക്ക് നാളിതുവരെ എത്ര കോടി രൂപ ചെലവായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് ശുദ്ധജലവിതരണത്തിന് കേരള വാട്ടർ അതോറിറ്റി നിലവിലുള്ളപ്പോൾ ഇതിനായി കെ.ആർ.ഡബ്ലിയു.എസ്.എ. എന്ന സ്ഥാപനത്തിനെ സമാന്തര സംവിധാനമായി ഏർപ്പെടുത്തിയതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ പദ്ധതിയിൽ എന്ത് തുക ഗുണഭോക്തൃ വിഹിതമായി ലഭിക്കുകയുണ്ടായി ;

(ഇ) ഇന്നേവരെ എത്ര പദ്ധതികൾ ആരംഭിച്ചിട്ടുണ്ട് ; എത്ര പദ്ധതികൾ കമ്മീഷൻ ചെയ്യാൻ കഴിഞ്ഞിട്ടുണ്ട് ;

(എഫ്) ഓരോ പദ്ധതിക്കുമുള്ള ആളോഹരി തുക എത്രയാണ് ; വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകളിലെ വാട്ടർ അതോറിറ്റിയുടെ എത്ര സ്കീമുകൾ പഞ്ചായത്തുകൾ ഏറ്റെടുത്തിട്ടുണ്ട് ;

(എച്ച്) 'ജലനിധി' പ്രകാരം നടപ്പിലാക്കിയ ശുദ്ധജലവിതരണ പദ്ധതിയിൽ ഇതുവരെ എത്ര ജനങ്ങൾക്ക് കുടിവെള്ളം എത്തിച്ചിട്ടുണ്ട് ;

(ഐ) കെ.ആർ.ഡബ്ലിയു.എസ്.എ. കുടിവെള്ള മേഖലയിലല്ലാതെ ഏതെല്ലാം മേഖലകളിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ജെ) 'ജലനിധി' പ്രകാരം നടപ്പിലാക്കുന്ന ശുദ്ധജലവിതരണ പദ്ധതി മേഖലകളിൽ ജലജന്യരോഗങ്ങൾ സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ടോ ;

(കെ) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എൽ) ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പദ്ധതിക്ക് 30-6-2003 വരെ 30.2 കോടി രൂപ ചെലവായിട്ടുണ്ട്.

(സി) സംസ്ഥാനത്ത് ശുദ്ധജലവിതരണത്തിന് കേരള വാട്ടർ അതോറിറ്റി നിലവിലുള്ളപ്പോൾ ഇതിനായി കെ.ആർ.ഡബ്ലിയു.എസ്.എ. എന്ന സ്ഥാപനത്തിനെ സമാന്തര സംവിധാനമായി ഏർപ്പെടുത്തിയതിന്റെ കാരണങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.*

(ഡി) ഒന്നും രണ്ടും ഘട്ടത്തിൽ 585 ലക്ഷം രൂപ ലഭിക്കുകയുണ്ടായി.

(ഇ) ഘട്ടംഘട്ടമായി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ ഒന്നാംഘട്ടമായി ആരംഭിച്ച 133 പദ്ധതികളിൽ 116 പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ ആരംഭിച്ച പദ്ധതികളിലെ 15 എണ്ണം ഇതുവരെ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(എഫ്) പണി പൂർത്തിയായ സ്കീമുകളിൽ ശരാശരി പ്രതിശീർഷം 1998 രൂപയാണ് ചെലവാക്കുന്നത്. വിശദാംശം അനുബന്ധമായി കൊടുത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ജലനിധി പദ്ധതിയിൽ ഇതുവരെ 51 കേരള വാട്ടർ അതോറിറ്റി പദ്ധതികൾ ഏറ്റെടുത്തതിൽ ഒന്നാംഘട്ടത്തിലെ ഏറ്റെടുത്ത 13 പദ്ധതികളിൽ 5 പദ്ധതികൾ ഗുണഭോക്തൃസംഘങ്ങൾക്ക് കൈമാറിയിട്ടുണ്ട്. 45 പദ്ധതികൾ കൈമാറാനുള്ള ശ്രമം പുരോഗമിച്ചുവരുന്നു.

(എച്ച്) രണ്ടാംഘട്ടത്തിൽ നടപ്പാക്കിയ പുതിയ പദ്ധതികൾ 31,167 പേർക്ക് പ്രയോജനപ്പെട്ടു. രണ്ടാംഘട്ടം പൂർത്തിയാകുമ്പോൾ 1,98,742 പേർക്ക് കൂടി പ്രയോജനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഐ) ജലവിതരണം കൂടാതെ കെ.ആർ.ഡബ്ലിയു.എസ്.എ. നടപ്പാക്കുന്ന ശുചിത്വ മേഖലയിൽ 1.65 കോടി രൂപയും സ്ത്രീ ശാക്തീകരണത്തിന് 16.55 ലക്ഷം രൂപയും ബന്ധപ്പെട്ട പഞ്ചായത്തുകളിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ 1.62 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ജെ-എൽ) 'ജലനിധി' പ്രകാരം നടപ്പിലാക്കുന്ന ശുദ്ധജലവിതരണ പദ്ധതി മേഖലകളിൽ ജലജന്യരോഗങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകളൊന്നും തന്നെ ലഭിച്ചിട്ടില്ല.

ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കൺസൾട്ടൻസി നിയമനത്തിന് സ്വീകരിച്ച മാനദണ്ഡങ്ങൾ

27 (3967) ഡോ. തോമസ് ഐസക് :
ശ്രീ. പി. ജയരാജൻ :
ശ്രീ. വി. കെ. സി. മമ്മത്കോയ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കൺസൾട്ടൻസി നിയമനത്തിന് തെരഞ്ഞെടുത്ത സ്ഥാപനം ഏതാണെന്നും അവരെ തെരഞ്ഞെടുത്ത നടപടിക്രമം എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കൺസൾട്ടൻസി ഫീസ് എത്രയായിരുന്നുവെന്നും അവ ഏതെല്ലാം ഇനത്തിലായിട്ടാണ് നിശ്ചയിച്ചതെന്നും വിശദമാക്കാമോ ;

(സി) ഇപ്പോഴത്തെ കൺസൾട്ടൻസിക്ക് കൺസൾട്ടൻസി ഫീസിനത്തിൽ എന്ത് തുകയാണ് നിശ്ചയിച്ചതെന്നും അവ ഏതെല്ലാം ഇനങ്ങളിലാണെന്നും വ്യക്തമാക്കുമോ ;

(ഡി) ഇന്റർനാഷണൽ മാൻമന്ത് ലോക്കൽ മാൻമന്ത് എന്നിവ എന്ത് മാനദണ്ഡമനുസരിച്ചാണ് മുൻസർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും നിശ്ചയിച്ചതെന്നും ഓരോ കരാറിലും ഇവ എത്ര വീതമാണ് എന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly